Manorama 24-10-18, P-S 2

# കളനാശിനി സാന്നിധ്യം: പയർ വർഗങ്ങളുടെ പരിശോധന കർശനമാക്കും

ജെറിൻ ജോയ്

രാജ്യത്ത് ഇറക്കുമതി ചെയ്യുന്ന പരിപ്പ്, പയറു വർഗങ്ങളിൽ കളനാശിനി സാന്നിധ്യം ഉണ്ടെന്ന പരാതിയെത്തുടർന്നു പരിശോധന കർശനമാക്കാൻ ഭക്ഷ്യ ഗുണനിലവാര നിരീക്ഷകരായ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഫ്എസ്എസ്എഐ) നിർദേശം. വിഷാംശരഹിതമായ പയർ - പരിപ്പു വർഗങ്ങൾ രാജ്യത്തു ലഭ്യമാക്കുന്നതിന്റെ ഭാഗമായാണു നടപടി.

മറ്റു സ്ഥിരം പരിശോധനകൾക്കൊപ്പം ബീൻസ്, പരിപ്പ്, സോയ ബീൻസ്, കടല എന്നിവയിൽ കളനാശിനിയായ ഗ്ലൈഫോസേറ്റ് സാന്നിധ്യം ഉണ്ടോയെന്നും കൂടി പരിശോധിക്കണമെന്നാണു നിർദേശം. കേരളത്തിൽ കൊച്ചി വഴിയാണു പയർ വർഗങ്ങളുടെ ഇറക്കുമതി.

ഓസ്ട്രേലിയ, റഷ്യ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണു പ്രധാനമായും ഇന്ത്യയിലേക്കു പയർ - പരിപ്പു വർഗങ്ങൾ ഇറക്കുമതി ചെയ്യുന്നത്.

എഫ്എസ്എസ്എഐയ്ക്കു കീഴിലുള്ള ഇറക്കുമതി വിഭാഗം ഇനി മുതൽ വിവിധ രാജ്യങ്ങളിൽ നിന്നെത്തുന്ന ചരക്കുകളിൽ നിരീക്ഷണവും പരിശോധനയും കർശനമാക്കും. ഇന്ത്യയിലെത്തുന്ന പയർ വർഗങ്ങളുടെ സാംപിളുകൾ അതതു റീജനൽ ലബോറട്ടറികളിൽ പരിശോധിച്ച് എല്ലാ 15 ദിവസം ഇടവേളയിലും റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദേശത്തിൽ പറയുന്നു. ഇതിന്റെ ഫലം വിലയിരുത്തി മാത്രമേ അന്തിമ അനുമതി നൽകൂ.